# FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 133/2025/OL |
| Category Code: | 030/2025 |
| Exam: | Ayurveda Therapist |
| Date of Test | 12-11-2025 |
| Department | Ayrveda Medical Education |
| Language: | Malayalam |

Question1:-താഴെപ്പറയുന്നവയിൽ ബൃഹത് ത്രയികളിൽ ഉൾപ്പെടുന്നത് ഏത്?

A:-ശാർങ്ധരസംഹിത

B:-ചരകസംഹിത

C:-മാധവനിദാനം

D:-ചക്രദത്തം

Correct Answer:- Option-B

Question2:-വാതദോഷ പ്രധാനമായ കോഷ്ഠത്തിൻറെ പേര്

A:-മൃദുകോഷ്ഠം

B:-മധ്യകോഷ്ഠം

C:-ക്രൂരകോഷ്ഠം

D:-സമകോഷ്ഠം

Correct Answer:- Option-C

Question3:-തിക്ത, കടു, കഷായ രസങ്ങൾ ഏതു ദോഷത്തെ ശമിപ്പിക്കുന്നു?

A:-കഫ

B:-വാത

C:-പിത്ത

D:-കഫപിത്ത

Correct Answer:- Option-A

Question4:-ഉദ്വർത്തനത്തിൻറെ ഫലമായി വിലയനം സംഭവിക്കുന്ന ധാതു  ഏത്?

A:-രസ

B:-മാംസ

C:-അസ്ഥി

D:-മേദസ്സ്

Correct Answer:- Option-D

Question5:-നിത്യവും ഉപയോഗിക്കാൻ വിധിച്ചിരിക്കുന്ന അഞ്ജനം ഏത്?

A:-സൗവീരാഞ്ജനം

B:-രസാഞ്ജനം

C:-തീഷ്ണാഞ്ജനം

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question6:-ഏത് വേഗധാരണത്തിലാണ് 'പിണ്ഡികോദ്വേഷ്ടനം' ഒരു ലക്ഷണമായി കാണുന്നത്?

A:-മൂത്ര

B:-ശകൃത്

C:-ഛർദ്ദി

D:-അശ്രു

Correct Answer:- Option-B

Question7:-അധാരണീയ വേഗങ്ങൾ എത്ര?

A:-10

B:-16

C:-14

D:-15

Correct Answer:- Option-C

Question8:-ഏത് ദോഷത്തിൻറെ കർമ്മമാണ് ശരിയായ രീതിയിലുള്ള വേഗപ്രവർത്തനം?

A:-വാത

B:-പിത്ത

C:-കഫ

D:-രക്തം

Correct Answer:- Option-A

Question9:-മേദോധാതുവിൻറെ കർമ്മം ഏത്?

A:-ലേപനം

B:-പൂരണം

C:-സ്നേഹനം

D:-ധാരണം

Correct Answer:- Option-C

Question10:-കഫദോഷത്തിൻറെ വിശേഷസ്ഥാനം ഏത്?

A:-ശിരസ്

B:-ഉരസ്

C:-ഹൃദയം

D:-രസം

Correct Answer:- Option-B

Question11:-പിത്തദോഷത്തിൻറെ ആശ്രയധാതു ഏത്?

A:-രക്തം

B:-മാംസം

C:-രസം

D:-മേദസ്സ്

Correct Answer:- Option-A

Question12:-വാത ഉപക്രമത്തിൽ ഉൾപ്പെടാത്തത് ഏത്?

A:-സിഗ്ധവസ്തി

B:-മൃദുശോധനം

C:-സുഖശീലത

D:-തീക്ഷ്ണശോധനം

Correct Answer:- Option-D

Question13:-'കബളാന്തരം' എന്ന ഔഷധകാലം ഏതു വായുവിൻറെ ദൃഷ്ടിയിലാണ് ഉപയോഗിക്കേണ്ടത്?

A:-പ്രാണവായു

B:-ഉദാനവായു

C:-വ്യാനവായു

D:-സമാനവായു

Correct Answer:- Option-A

Question14:-വ്യായാമം, രൂക്ഷവിമർദ്ദനം ഇവ ഏതു ദോഷത്തിൻറെ സാമാന്യഉപക്രമത്തിൽ ഉൾപ്പെടുന്നു?

A:-വാതം

B:-പിത്തം

C:-കഫം

D:-രക്തം

Correct Answer:- Option-C

Question15:-ഔഷധകാലങ്ങൾ എത്ര തരത്തിലുണ്ട്?

A:-10

B:-8

C:-7

D:-14

Correct Answer:- Option-A

Question16:-ലേപനം ഏതു ധാതുവിൻറെ വിശിഷ്ട കർമ്മമാകുന്നു?

A:-രസധാതു

B:-രക്തധാതു

C:-മാംസധാതു

D:-മേദോധാതു

Correct Answer:- Option-C

Question17:-ഏതു മാസത്തിലാണ് ഗർഭത്തിന് മനസ്സ് പ്രബുദ്ധമാകുന്നത്?

A:-5-ാം മാസം

B:-6-ാം മാസം

C:-7-ാം മാസം

D:-8-ാം മാസം

Correct Answer:- Option-A

Question18:-ഓക്സിറ്റോസിൻ എന്ന ഹോർമോൺ ഏതു ഗ്രന്ഥിയിൽ നിന്നുമാണ് സ്രവിക്കുന്നത്?

A:-പിറ്റ്യൂട്ടറി ഗ്രന്ഥി

B:-തൈറോയിഡ് ഗ്രന്ഥി

C:-അഡ്രീനൽ ഗ്രന്ഥി

D:-പാൻക്രിയാസ്

Correct Answer:- Option-A

Question19:-___________ മജ്ജധാതുവിൻറെ ഉപധാതു ആകുന്നു.

A:-സ്വേദം

B:-ദന്തം

C:-കേശം

D:-വസ

Correct Answer:- Option-C

Question20:-സർവ്വശരീര വ്യാപിയായി കാണുന്ന കല ഏതാണ്?

A:-ശ്ലേഷ്മധര

B:-പിത്തധര

C:-ശുക്രധര

D:-പുരീഷധര

Correct Answer:- Option-C

Question21:-കഴുത്തിലെ കശേരുക്കളുടെ ആകെ എണ്ണം എത്ര?

A:-5

B:-7

C:-9

D:-10

Correct Answer:- Option-B

Question22:-സന്ധികളിൽ സ്ഥിതിചെയ്യുന്ന കഫം ഏതാണ്?

A:-ക്ലേദകം

B:-ബോധകം

C:-തർപ്പകം

D:-ശ്ലേഷകം

Correct Answer:- Option-D

Question23:-സ്ഥപനി ഏതു തരം മർമ്മമാകുന്നു?

A:-സദ്യ:പ്രാണഹരം

B:-കാലാന്തര പ്രാണഹരം

C:-വിശല്യഘ്നം

D:-വൈകല്യകരം

Correct Answer:- Option-C

Question24:-സുഷ്മനാ നാഡിയുടെ താഴത്തെ അറ്റം ഏതു കശേരുവിൻറെ സമനിരപ്പിലാണ്?

A:-എൽ 1 (L1)

B:-എൽ 4 (L4)

C:-എൽ 5 (L5)

D:-എൽ 5 (L3)

Correct Answer:- Option-A

Question25:-ചെവിക്കകത്തുള്ള മൂന്ന് അസ്ഥികളിൽ നടുവിൽ സ്ഥിതിചെയ്യുന്ന അസ്ഥി ഏത്?

A:-മാലിയസ്

B:-സ്റ്റേപ്പ്സ്

C:-ഇൻകസ്

D:-കോക്ലിയ

Correct Answer:- Option-C

Question26:-ദഹന പ്രക്രിയയിൽ ഏതവയവത്തിൽവെച്ചാണ് ഹൈഡ്രോക്ലോറിക് ആസിഡ് ഭക്ഷണവുമായി ചേരുന്നത്?

A:-അന്നനാളി

B:-ആമാശയം

C:-പിത്താശയം

D:-പക്വാശയം

Correct Answer:- Option-B

Question27:-തലയോട്ടിയുടെ പിൻഭാഗത്തു വരുന്ന പ്രധാന അസ്ഥി ഏത്?

A:-ഫ്രോണ്ടൽ അസ്ഥി

B:-ഒക്സിപീറ്റൽ അസ്ഥി

C:-ടെമ്പറൽ അസ്ഥി

D:-സ്പീനോയ്ഡ് അസ്ഥി

Correct Answer:- Option-B

Question28:-മസ്തിഷ്ക്കത്തിൽ നിന്നുവരുന്ന ഞരമ്പുകൾ (ക്രേനിയൽ നേർവ്സ്) ആകെ എത്ര എണ്ണമുണ്ട്?

A:-8 ജോഡി

B:-10 ജോഡി

C:-11 ജോഡി

D:-12 ജോഡി

Correct Answer:- Option-D

Question29:-ശുദ്ധരക്തം വഹിക്കുന്ന പൾമണറി സിരകൾ ഹൃദയത്തിൻറെ ഏത് അറയിലേക്കാണ് രക്തം എത്തിക്കുന്നത്?

A:-ഇടത് ഏട്രിയം

B:-വലത് ഏട്രിയം

C:-ഇടത് വെൻട്രിക്കിൾ

D:-വലത് വെൻട്രിക്കിൾ

Correct Answer:- Option-A

Question30:-അംസസന്ധി ഏതു വിഭാഗത്തിൽ പെടുന്ന സന്ധിയാണ്?

A:-കോരസന്ധി

B:-ഉലൂഖലസന്ധി

C:-വായസതുണ്ഡസന്ധി

D:-മണ്ഡലസന്ധി

Correct Answer:- Option-B

Question31:-യകൃത് ഏതു  സ്രോതസ്സിൻറെ മൂലസ്ഥാനമാകുന്നു?

A:-പ്രാണവഹ

B:-ഉദകവഹ

C:-അന്നവഹ

D:-രക്തവഹ

Correct Answer:- Option-D

Question32:-ഒരു കൈയ്യിൽ കാർപൽ അസ്ഥികൾ എത്ര എണ്ണമുണ്ട്?

A:-5

B:-6

C:-7

D:-8

Correct Answer:- Option-D

Question33:-ഉര:ഫലകവുമായി ബന്ധിക്കപ്പെടാത്ത വാരിയെല്ല് ഏത്?

A:-ഒന്നാമത്തെ

B:-ആറാമത്തെ

C:-ഏഴാമത്തെ

D:-പന്ത്രണ്ടാമത്തെ

Correct Answer:- Option-D

Question34:-ഈ പ്രസ്താവനകളിൽ നിന്നും ശരിയും തെറ്റും കണ്ടെത്തുക

A:-ജരായുജം ഉദ്ഭിജം മുതലായവ ഉൽപത്തി ഭേദേനയുള്ള ദ്രവ്യ വർഗ്ഗീകരണം ആണ്

B:-ജരായുജം അണ്ഡജം മുതലായവ നിഷ്പത്തി ഭേദേനയുള്ള ദ്രവ്യ വർഗ്ഗീകരണം ആണ്

C:-വനസ്പതി, വീരുത്ത് മുതലായവ ഉൽപത്തി ഭേദേനയുള്ള ദ്രവ്യ വർഗ്ഗീകരണം ആണ്

D:-അണ്ഡജം, സ്വേദജം മുതലായവ യോനി ഭേദേനയുള്ള ദ്രവ്യ വർഗ്ഗീകരണം ആണ്

Correct Answer:- Option-D

Question35:-വിപാകത്തെക്കുറിച്ച് ഇവിടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏറ്റവും ശരിയായത് ഏതാണ്?

(i) വാഗ്ഭടൻറെ അഭിപ്രായത്തിൽ കട്ടു രസം കട്ടു വിപാകമായും അമ്ലം അമ്ല വിപാകമായും മധുര ലവണ കഷായ തിക്ത രസങ്ങൾ മധുര വിപാകമായും മാറുന്നു

(ii) ഗുരു വിപാകം മധുര വിപാകമെന്നും ലഘു വിപാകം കട്ടു വിപാകമെന്നും അറിയപ്പെടുന്നുണ്ട്

(iii) സുശ്രുതൻറെ അഭിപ്രായത്തിൽ ശീത സ്നിഗ്ധ ഗുരു പിച്ഛിലങ്ങൾ ഗുരു വിപാകമായും ലഘു രൂക്ഷ വിശദ തീക്ഷ്ണങ്ങൾ ലഘു വിപാകമായും മാറുന്നു

(iv) പരാശരൻറെ അഭിപ്രായത്തിൽ മധുരവും ലവണവും മധുര വിപാകമായും അമ്ലം അമ്ല വിപാകമായും കഷായ കട്ടു തിക്ത രസങ്ങൾ കട്ടു വിപാകമായും മാറുന്നു

A:-(i) ആണ് ശരി

B:-(ii) ഉം (iii) ഉം ആണ് ശരി

C:-(i) ഉം (ii) ഉം (iii) ഉം (iv) ഉം ശരിയാണ്

D:-(i) ഉം (iii) ഉം (iv) ഉം ആണ് ശരി

Correct Answer:- Option-B

Question36:-ഈ പ്രസ്താവനകളിൽ നിന്നും ശരിയും തെറ്റും കണ്ടെത്തുക

A:-ഗ്രാം, മില്ലി ഗ്രാം മുതലായവ പായ്യ മാനങ്ങളുടെ ആധുനിക രീതിയിലുള്ള ഏകകങ്ങളാണ്

B:-ലിറ്റർ, മില്ലീ ലിറ്റർ മുതലായവ ദ്രവയ മാനങ്ങളുടെ ആധുനിക രീതിയിലുള്ള ഏകകങ്ങളാണ്

C:-സെക്കൻറ്, മിനിറ്റ് മുതലായവ മാഗധ മാനങ്ങളുടെ ആധുനിക രീതിയിലുള്ള ഏകകങ്ങളാണ്

D:-മീറ്റർ, സെൻറീമീറ്റർ മുതലായവ പൗതവ മാനങ്ങളുടെ ആധുനിക രീതിയിലുള്ള ഏകകങ്ങളാണ്

Correct Answer:- Option-B

Question37:-വിഷ ബാധയേറ്റ രോഗികളിൽ ഏറ്റവും യുക്തമായ ഭേഷജകാലം ഏതാണ്?

A:-അനന്നം

B:-സാമുദ്ഗം

C:-സഗ്രാസം

D:-മുഹുർമുഹു

Correct Answer:- Option-D

Question38:-അളവു തൂക്കങ്ങളെക്കുറിച്ചുള്ള ഈ പ്രസ്താവനകളിൽ നിന്നും ശരിയും തെറ്റും കണ്ടെത്തുക

A:-ഒരു പലം എന്നാൽ 96 ഗ്രാമും ഒരു മാനികാ എന്നാൽ 192 ഗ്രാമും ഒരു ദ്രോണം എന്നാൽ 100 പലവും ആണ്

B:-ഒരു പലം എന്നാൽ 48 ഗ്രാമും ഒരു പ്രസ്ഥം എന്നാൽ 768 ഗ്രാമും ഒരു ദ്രോണം എന്നാൽ 3072 ഗ്രാമും ആണ്

C:-ഒരു പലം എന്നാൽ 48 ഗ്രാമും ഒരു മാനികാ എന്നാൽ 384 ഗ്രാമും ഒരു ആഢകം എന്നാൽ 64 പലവും ആണ്

D:-ഒരു മാഷം എന്നാൽ 12 ഗ്രാമും ഒരു മാനികാ എന്നാൽ 768 ഗ്രാമും ഒരു ദ്രോണം എന്നാൽ 12 പ്രസ്ഥവും ആണ്

Correct Answer:- Option-C

Question39:-ശാർങ്ധരാചാര്യൻ പറയുന്നത് കഷായം ഉണ്ടാക്കാനെടുക്കുന്ന ജലത്തിൻറെ അളവ് ഈ കണക്കിലായിരിക്കണം എന്നാണ്

A:-മൃദു ദ്രവ്യങ്ങൾക്ക് 4 മടങ്ങ്, മധ്യമ ദ്രവ്യങ്ങൾക്ക് 8 മടങ്ങ്, കഠിന ദ്രവ്യങ്ങൾക്ക് 16 മടങ്ങ്, അതികഠിനദ്രവ്യങ്ങൾക്ക് 32 മടങ്ങ്

B:-മൃദു ദ്രവ്യങ്ങൾക്ക് 2 മടങ്ങ്, മധ്യമ ദ്രവ്യങ്ങൾക്ക് 4 മടങ്ങ്, കഠിന ദ്രവ്യങ്ങൾക്ക് 8 മടങ്ങ്, അതികഠിനദ്രവ്യങ്ങൾക്ക് 16 മടങ്ങ്

C:-മൃദു ദ്രവ്യങ്ങൾക്ക് 4 മടങ്ങ്, കഠിനദ്രവ്യങ്ങൾക്ക് 8 മടങ്ങ്, മധ്യമ ദ്രവ്യങ്ങൾക്ക് 8 മടങ്ങ്, അതികഠിനദ്രവ്യങ്ങൾക്ക് 16 മടങ്ങ്

D:-മൃദു ദ്രവ്യങ്ങൾക്കും മധ്യമ ദ്രവ്യങ്ങൾക്കും 4 മടങ്ങ്, കഠിന ദ്രവ്യങ്ങൾക്ക് 8 മടങ്ങ്, അതികഠിനദ്രവ്യങ്ങൾക്ക് 32 മടങ്ങ്

Correct Answer:- Option-C

Question40:-ഡോക്ടറുടെ കുറിപ്പിൽ രോഗിക്ക് മരുന്ന് കൊടുക്കേണ്ട സമയം സൂചിപ്പിച്ചിരിക്കുന്നതിൽ ഇവിടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏറ്റവും ശരിയായത് ഏതാണ്?
(i) HS എന്നെഴുതിയാൽ രോഗിക്ക് വെറും വയറ്റിൽ മരുന്ന് കൊടുക്കണം
(ii) BID എന്നെഴുതിയാൽ രോഗിക്ക് രണ്ട് നേരം മരുന്ന് കൊടുക്കണം
(iii) SOS എന്നെഴുതിയാൽ രോഗിക്ക് അത്താഴത്തിന് ശേഷം മരുന്ന് കൊടുക്കണം
(iv) HS എന്നെഴുതിയാൽ രോഗിക്ക് ഉറങ്ങാൻ നേരം മരുന്ന് കൊടുക്കണം

A:-(i) ഉം (iii) ഉം ശരിയാണ്

B:-(i) ഉം (ii) ഉം (iii) ഉം ശരിയാണ്

C:-(i) ഉം (ii) ഉം (iv) ഉം ശരിയാണ്

D:-(ii) ഉം (iv) ഉം ശരിയാണ്

Correct Answer:- Option-D

Question41:-ആസ്ഥാപന വസ്തിക്ക് ചേരുവകൾ ചേർക്കേണ്ടത് ഈ ക്രമ പ്രകാരമാണ്

A:-കഷായം കൽക്കം തേൻ ഇന്തുപ്പ് സ്നേഹം എന്ന ക്രമത്തിൽ

B:-ഇന്തുപ്പ് സ്നേഹം തേൻ കൽക്കം കഷായം എന്ന ക്രമത്തിൽ

C:-സ്നേഹം ഇന്തുപ്പ് തേൻ കൽക്കം കഷായം എന്ന ക്രമത്തിൽ

D:-തേൻ ഇന്തുപ്പ് സ്നേഹം കൽക്കം കഷായം എന്ന ക്രമത്തിൽ

Correct Answer:- Option-D

Question42:-സൂക്ഷ്മ ചൂർണ്ണങ്ങൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കേണ്ട സീവ് നമ്പർ

A:-10

B:-22

C:-44

D:-85

Correct Answer:- Option-D

Question43:-ചൂർണ്ണം ചേർത്തു കഴിക്കുന്നതിനുള്ള ദ്രവ്യങ്ങളുടെ അളവ് ഇപ്രകാരമായിരിക്കണം എന്നാണ് ശാർങ്ധരാചാര്യ മതം

A:-ശർക്കര ചൂർണ്ണത്തിന് തുല്യ അളവിൽ, നെയ്യ് ഇരട്ടി, പഞ്ചസാര ഇരട്ടി, ദ്രവ ദ്രവ്യങ്ങൾ നാലിരട്ടി വീതം അളവുകളിൽ

B:-നെയ്യ്, പഞ്ചസാര, ശർക്കര എന്നിവ ചൂർണ്ണത്തിന് തുല്യ അളവിൽ ദ്രവ ദ്രവ്യങ്ങൾ ഇരട്ടി അളവിൽ

C:-നെയ്യ്, പഞ്ചസാര, ശർക്കര എന്നിവ ചൂർണ്ണത്തിന് ഇരട്ടി അളവിൽ ദ്രവ ദ്രവ്യങ്ങൾ നാലിരട്ടി അളവിൽ

D:-നെയ്യ്, പഞ്ചസാര, ശർക്കര എന്നിവ ചൂർണ്ണത്തിൻറെ പകുതി അളവിൽ ദ്രവ ദ്രവ്യങ്ങൾ ഇരട്ടി അളവിൽ

Correct Answer:- Option-A

Question44:-അഷ്ടവിധ വീര്യങ്ങൾ ഈ പറയുന്നവയിൽ ഏതാണ്?

A:-ഗുരു, സ്നിഗ്ധം, ശീതം, മൃദു, രൂക്ഷം, സൂക്ഷ്മം, ലഘു, ഉഷ്ണം, എന്നിവ

B:-ഗുരു, ശീതം, മൃദു, രൂക്ഷം, ലഘു, ഉഷ്ണം, തീക്ഷ്ണം, സ്നിഗ്ധം എന്നിവ

C:-ലഘു, സ്നിഗ്ധം, ഗുരു, ശീതം, രൂക്ഷം, ഉഷ്ണം, തീക്ഷ്ണം, ശ്ലക്ഷ്ണം എന്നിവ

D:-ശ്ലക്ഷ്ണം, സരം, ഗുരു, ശീതം, സൂക്ഷ്മം, ലഘു, രൂക്ഷം, ഉഷ്ണം എന്നിവ

Correct Answer:- Option-B

Question45:-ശാർങ്ധരാചാര്യൻ പറയുന്നത് അനുസരിച്ച് ഗുളിക നിർമ്മിക്കുമ്പോൾ ചേർക്കേണ്ട മറ്റ ദ്രവ്യങ്ങളുടെ കണക്ക് ഇപ്രകാരമാണ്

A:-പഞ്ചസാര ചേർക്കുമ്പോൾ പൊടിയുടെ ഇരട്ടി, ശർക്കര നാലു ഗുണം, ഗുഗ്ഗുലു ചേർക്കുമ്പോൾ ഇരട്ടി, തേൻ ചേർക്കുമ്പോൾ പകുതി

B:-പഞ്ചസാര, ശർക്കര എന്നിവ പൊടിയുടെ പകുതി, ഗുഗ്ഗുലു ചേർക്കുമ്പോൾ സമം, തേൻ ചേർക്കുമ്പോൾ പകുതി

C:-പഞ്ചസാര, ശർക്കര എന്നിവ പൊടിയുടെ ഇരട്ടി, ഗുഗ്ഗുലു ചേർക്കുമ്പോൾ സമം, തേൻ ചേർക്കണമെങ്കിൽ പകുതി

D:-പഞ്ചസാര പൊടിയുടെ നാലു ഗുണം, ശർക്കര ഇരട്ടി, ഗുഗ്ഗുലു ചേർക്കുമ്പോൾ സമം, തേൻ ചേർക്കണമെങ്കിലും സമം

Correct Answer:- Option-D

Question46:-യവാഗുവിനുള്ള ക്വാഥം ഇപ്രകാരമാണ് തയ്യാറാക്കേണ്ടത്

A:-മരുന്നുകൾ 64 ഇരട്ടി വെള്ളത്തിൽ തിളപ്പിച്ച് നാലിലൊന്നാക്കി വറ്റിക്കുക

B:-മരുന്നുകൾ 16 ഇരട്ടി വെള്ളത്തിൽ തിളപ്പിച്ച് പകുതിയാക്കി വറ്റിക്കുക

C:-മരുന്നുകൾ 64 ഇരട്ടി വെള്ളത്തിൽ തിളപ്പിച്ച് പകുതിയാക്കി വറ്റിക്കുക

D:-മരുന്നുകൾ 32 ഇരട്ടി വെള്ളത്തിൽ തിളപ്പിച്ച് പകുതിയാക്കി വറ്റിക്കുക

Correct Answer:- Option-B

Question47:-ക്രിയാക്രമങ്ങൾക്കുപയോഗിക്കുന്ന ദ്രവ്യങ്ങളെക്കുറിച്ചുള്ള ഈ പട്ടികകളിൽ നിന്നും ശരിയായത് കണ്ടെത്തുക

A:-

| ദ്രവ്യം | ക്രിയാക്രമം |
|---|---|
| ഏരണ്ഡ തൈലം | വിരേചനം |
| മദനഫലം | ആസ്ഥാപനം |
| അപാമാർഗ്ഗം | വമനം |
| ത്രിഫല | ഇലക്കിഴി |
| ശതകുപ്പ | അനുവാസനം |

B:-

| ദ്രവ്യം | ക്രിയാക്രമം |
|---|---|
| പിപ്പല്യാദി തൈലം | അനുവാസനം |
| ഫലപിപ്പല്ലി | വമനം |
| ഏരണ്ഡ തൈലം | വിരേചനം |
| അപാമാർഗ്ഗം | നസ്യം |
| ശതകുപ്പ | ആസ്ഥാപനം |

C:-

| ദ്രവ്യം | ക്രിയാക്രമം |
|---|---|
| ഏരണ്ഡ തൈലം | വിരേചനം |
| മദനഫലം | വമനം |
| ത്രിഫല | ആസ്ഥാപനം |
| അപാമാർഗ്ഗം | ഇലക്കിഴി |
| ശതകുപ്പ | നസ്യം |

D:-

| ദ്രവ്യം | ക്രിയാക്രമം |
|---|---|
| ഏരണ്ഡ മൂലം | പൊടിക്കിഴി |
| മദനഫലം | വമനം |
| ത്രിഫല | വിരേചനം |
| വേല്ലം | ആസ്ഥാപനം |
| മധു | നസ്യം |

Correct Answer:- Option-B

Question48:-ഭേഷജ മാർഗ്ഗം, പ്രയോഗം, രോഗ സ്ഥാനം എന്നിവകളുടെ പരസ്പരബന്ധം ശരിയായി കാണിക്കുന്ന പട്ടിക ഏതാണ്?

A:-

| **ഭേഷജ മാർഗ്ഗം / പ്രയോഗം** | **രോഗ സ്ഥാനം** |
|---|---|
| വിഡാലകം | ഊർദ്ധ്വജത്രു |
| നസ്യം | ആമാശയം |
| പൂരണം | നേത്രം |
| സേകം | കർണ്ണം |
| മുഖമാർഗ്ഗം | അസ്ഥി / സ്നായു |

B:-

| **ഭേഷജ മാർഗ്ഗം / പ്രയോഗം** | **രോഗ സ്ഥാനം** |
|---|---|
| മുഖമാർഗ്ഗം | ഊർദ്ധ്വജത്രു |
| നസ്യം | കോഷ്ഠം |
| പൂരണം | ആമാശയം |
| സേകം | നേത്രം |
| പിണ്ഡീ | പക്വാശയം |

C:-

| **ഭേഷജ മാർഗ്ഗം / പ്രയോഗം** | **രോഗ സ്ഥാനം** |
|---|---|
| മുഖമാർഗ്ഗം | ഊർദ്ധ്വജത്രു |
| നാസാമാർഗ്ഗം | ആമാശയം |
| പൂരണം | കോഷ്ഠം |
| സേകം | നേത്രം |
| പിണ്ഡീ | അസ്ഥി / സ്നായു |

D:-

| **ഭേഷജ മാർഗ്ഗം / പ്രയോഗം** | **രോഗ സ്ഥാനം** |
|---|---|

മുഖമാർഗ്ഗം ആമാശയം
നസ്യം ഊർദ്ധ്വജത്രു
ഗുദമാർഗ്ഗം പക്വാശയം
വിഡാലകം നേത്രം
ധൂപനം കർണ്ണം

Correct Answer:- Option-D

Question49:-അഷ്ടാംഗഹൃദയ പ്രകാരം ഉദ്വർത്തനവുമായി ബന്ധപ്പെട്ട് ശരിയായത് ഏത്?

A:-പ്രതിലോമമായി ചെയ്യുന്ന കർമ്മമാണ്

B:-ചൂർണ്ണവും സ്നേഹദ്രവ്യങ്ങളും കൂടെ ചേർത്ത് ചെയ്യുന്ന കർമ്മമാണ്

C:-പ്രതിലോമമായും അനുലോമമായും ചെയ്യാം

D:-ഓപ്ഷൻ (1) ഉം ഓപ്ഷൻ (2) ഉം ശരിയാണ്

Correct Answer:- Option-A

Question50:-മൂർദ്ധ തൈലങ്ങളെ അവയുടെ ഗുണത്തിൻറെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ഗുണമുള്ളവയിൽ നിന്നും കുറഞ്ഞ ഗുണമുള്ളവയിലേക്ക് ശരിയായി വിന്യസിച്ചിട്ടുള്ള ക്രമം ഏതാകുന്നു?

A:-ശിരോ സേകം-ശിരോ പിച്ചു-ശിരോ വസ്തി-ശിരോ അഭ്യംഗം

B:-ശിരോ പിച്ചു-ശിരോ സേകം-ശിരോ അഭ്യംഗം-ശിരോ വസ്തി

C:-ശിരോ അഭ്യംഗം-ശിരോ സേകം-ശിരോ പിച്ചു-ശിരോ വസ്തി

D:-ശിരോ വസ്തി-ശിരോ പിച്ചു-ശിരോ സേകം-ശിരോ അഭ്യംഗം

Correct Answer:- Option-D

Question51:-ശിരോവസ്തിയിൽ രോമോൽഗമ സ്ഥാനത്തിനു മുകളിൽ എത്ര ഉയരം വരെയാണ് തൈലം ഒഴിക്കേണ്ടത്?

A:-1.5 അംഗുലം

B:-1/2 അംഗുലം

C:-3 അംഗുലം

D:-1 അംഗുലം

Correct Answer:- Option-D

Question52:-താഴെപ്പറയുന്നവരിൽ അഭ്യംഗം ചെയ്യാൻ പാടില്ലാത്തവർ ആരൊക്കെ?

A:-അജീർണ്ണം

B:-വമനം ചെയ്തിരിക്കുന്നവർ

C:-വിരേചനം ചെയ്തിരിക്കുന്നവർ

D:-മുകളിൽ പറഞ്ഞ എല്ലാവരും

Correct Answer:- Option-D

Question53:-താഴെപ്പറയുന്നവയിൽ സ്വസ്ഥന് നിത്യവും ചെയ്യാൻ പാടില്ലാത്ത കർമ്മങ്ങൾ ഏതൊക്കെ?

A:-ഉദ്വർത്തനം

B:-അഭ്യംഗം

C:-മർശനസ്യം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-C

Question54:-താഴെപ്പറയുന്നവയിൽ ആഗ്നേയമായും അനാഗ്നേയമായും കണക്കാക്കപ്പെടുന്ന സ്വേദം

A:-ഉപനാഹം

B:-താപസ്വേദം

C:-ആതപ സേവ

D:-ദ്രവ സ്വേദം

Correct Answer:- Option-A

Question55:-അഷ്ടാംഗഹൃദയ പ്രകാരം താഴെ പറയുന്നവയിൽ അനാഗ്നേയ സ്വേദം അല്ലാത്തത് ഏത്?

A:-ശോകം

B:-ഭയം

C:-ക്രോധം

D:-ആയാസം

Correct Answer:- Option-A

Question56:-ഭക്ഷ്യം, ലേഹ്യം തുടങ്ങിയ അന്നത്തോട് ചേർത്തോ ബാഹ്യപ്രയോഗമായോ ഉപയോഗിക്കുന്ന സ്നേഹത്തെ പറയുന്ന പേര്

A:-സദ്യ സ്നേഹം

B:-അവ പീഡകസ്നേഹം

C:-വിചാരണസ്നേഹം

D:-അച്ച പാനം

Correct Answer:- Option-C

Question57:-തൈല സ്നേഹപാനത്തിൻറെ അനുപാന ദ്രവ്യം

A:-ഉഷ്ണോദകം

B:-മണ്ഡം

C:-യൂഷം

D:-പേയം

Correct Answer:- Option-C

Question58:-പഞ്ച പ്രസൃത പേയം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-ഉത്തര ഭക്തികസ്നേഹം

B:-ചതുസ്നേഹം

C:-മഹാസ്നേഹം

D:-സദ്യസ്നേഹം

Correct Answer:- Option-D

Question59:-അഷ്ടാംഗഹൃദയ പ്രകാരം വിചാരണ സ്നേഹങ്ങൾ എത്ര?

A:-32

B:-64

C:-34

D:-62

Correct Answer:- Option-B

Question60:-ചരകാചാര്യൻറെ അഭിപ്രായപ്രകാരമുള്ള 13 തരത്തിലുള്ള സ്വേദങ്ങളിൽ പെടാത്തത് ഏത്?

A:-ജെന്തക സ്വേദം

B:-ഉപനാഹം

C:-ഹോലാക സ്വേദം

D:-കുടി സ്വേദം

Correct Answer:- Option-B

Question61:-സാധാരണയായി എത്ര വിരൽ പൊക്കത്തിലാണ് പരിഷേക സ്വേദങ്ങൾ ദേഹത്ത് ഒഴിക്കേണ്ടത്?

A:-8 അംഗുലം

B:-5 അംഗുലം

C:-16 അംഗുലം

D:-12 അംഗുലം

Correct Answer:- Option-D

Question62:-ശിരോവസ്തിയിൽ തുണികീറൽ കൊണ്ട് ചുറ്റിക്കെട്ടി ഏത് ദ്രവ്യമാണ് പുറമേ പൂശുന്നതിനായി അഷ്ടാംഗഹൃദയകാരൻ പറയുന്നത്?

A:-ഗോദ്ദൂമ കൽക്കം

B:-മാഷ കൽക്കം

C:-മുദ്ഗ കൽക്കം

D:-ഷാഷ്ടിക കൽക്കം

Correct Answer:- Option-B

Question63:-''പിച്ച'' ഉപയോഗിച്ചും ചെയ്യാവുന്ന പഞ്ചകർമ്മം ഏത്?

A:-വമനം

B:-വിരേചനം

C:-അനുവാസന വസ്തി

D:-നസ്യം

Correct Answer:- Option-D

Question64:-വമനത്തിനായ് ഔഷധം നൽകിയ ശേഷം 'വമനവേഗം' വരുന്നതിനായി എത്ര സമയം വരെ കാത്തിരിക്കാവുന്നതാണ്?

A:-അര മുഹൂർത്തം

B:-ഒരു മുഹൂർത്തം

C:-രണ്ടു മുഹൂർത്തം

D:-മൂന്നു മുഹൂർത്തം

Correct Answer:- Option-B

Question65:-സമ്യക് ആയ വമന വിരേചനങ്ങൾക്കുശേഷം രോഗി ഏതു തരത്തിലുള്ള ഭക്ഷണക്രമമാണ്

ശീലിക്കേണ്ടത്?

A:-ഓദനാദി ക്രമം

B:-തർപ്പണാദി ക്രമം

C:-പേയാദി ക്രമം

D:-രസ സംസർജനം

Correct Answer:- Option-C

Question66:-വമന വിരേചനങ്ങളുടെ മധ്യമ ശുദ്ധിയിൽ യഥാക്രമം എത്ര വേഗങ്ങളാണ് ഉള്ളത്?

A:-6, 10

B:-6, 20

C:-8, 10

D:-8, 20

Correct Answer:- Option-B

Question67:-വമനം നടക്കുമ്പോൾ രോഗിയുടെ പുറം തടവിക്കൊടുക്കേണ്ടത് ഏതു ദിശയിലായിരിക്കണം?

A:-പ്രതിലോമ

B:-അനുലോമ

C:-തിര്യക് ലോമ

D:-മുകളിൽ പറഞ്ഞ എല്ലാ ദിശയിലും

Correct Answer:- Option-A

Question68:-''ഗോപുച്ഛ ആകാരം'' എന്ന് പരാമർശിച്ചിരിക്കുന്നത്, താഴെ പറഞ്ഞിരിക്കുന്നവയിൽ ഏതിനെ കുറിച്ചാണ്?

A:-വസ്തിനേത്രം

B:-വസ്തി പുടകം

C:-ഗോകർണ്ണം

D:-ഉദവർത്തി

Correct Answer:- Option-A

Question69:-സ്നേഹ വസ്തിയുടെ ഏറ്റവും കൂടിയ മാത്ര എത്രയാണ്?

A:-ഒരു പലം

B:-ആറു പലം

C:-പന്ത്രണ്ട് പലം

D:-ഇരുപത്തിനാല് പലം

Correct Answer:- Option-B

Question70:-മാത്രവസ്തി ചെയ്യുന്നതിനായി രോഗിയെ എപ്രകാരമാണ് കിടത്തേണ്ടത്?

A:-മലർത്തി കാലുകൾ നീട്ടിവെച്ചു കിടത്തുക

B:-മലർത്തി കാലുകൾ മടക്കിവെച്ചു കിടത്തുക

C:-ഇടതുവശം ചെരിച്ചു കിടത്തുക

D:-വലതുവശം ചെരിച്ച കിടത്തുക

Correct Answer:- Option-C

Question71:-യോഗവസ്തി എന്ന വസ്തിക്രമത്തിൽ ആകെ എത്ര വസ്തികളാണ് ഉള്ളത്?

A:-മൂന്ന്

B:-അഞ്ച്

C:-ഏഴ്

D:-എട്ട്

Correct Answer:- Option-D

Question72:-നസ്യ ചികിത്സയിൽ ഔഷധത്തിൻറെ മാത്ര ''ബിന്ദു'' എന്ന അളവിലാണ് പറഞ്ഞിരിക്കുന്നത്. ഈ ബിന്ദു കണക്കാക്കുന്നതിനായി രോഗിയുടെ ഏതു വിരലാണ് ഉപയോഗിക്കുന്നത്?

A:-ചെറു വിരൽ

B:-മോതിര വിരൽ

C:-നടു വിരൽ

D:-ചൂണ്ടു വിരൽ

Correct Answer:- Option-D

Question73:-നസ്യം ചെയ്യുമ്പോൾ എത്ര ദിവസം ഇടവിട്ട് വേണം ചെയ്യാൻ?

A:-ഒരു ദിവസം

B:-രണ്ടു ദിവസം

C:-മൂന്ന് ദിവസം

D:-ഏഴ് ദിവസം

Correct Answer:- Option-A

Question74:-താഴെ പറയുന്നവയിൽ ഏതു കർമ്മത്തിന് ശേഷമാണ് ചെറു ചൂടുള്ള വെള്ളം ഉപയോഗിച്ച് കബളം ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്നത്?

A:-വമനം

B:-നസ്യം

C:-നേതി

D:-ധൂമപാനം

Correct Answer:- Option-B

Question75:-താഴെ പറയുന്നവയിൽ ഏതാണ് ശുദ്ധ രക്തത്തിൻറെ രസം?

A:-മധുരം + അല്പം ലവണ രസം ചേർന്നത്

B:-മധുരം + അല്പം അമ്ല രസം ചേർന്നത്

C:-മധുരം + അല്പം കഷായ രസം ചേർന്നത്

D:-മധുരം + അല്പം കടു രസം ചേർന്നത്

Correct Answer:- Option-A

Question76:-എത്ര വയസ്സ് മുതൽ എത്ര വയസ്സ് വരെ ഉള്ളവരിലാണ് സിരാവേധം ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്നത്?

A:-പതിനാറ് മുതൽ അറുപത് വയസ്സ് വരെ

B:-പതിനേഴ് മുതൽ അറുപത് വയസ്സ് വരെ

C:-പതിനാറ് മുതൽ എഴുപത് വയസ്സ് വരെ

D:-പതിനേഴ് മുതൽ എഴുപത് വയസ്സ് വരെ

Correct Answer:- Option-C

Question77:-പ്രച്ഛാന്നം എന്ന രക്തമോക്ഷണ പ്രക്രിയയിൽ, രോഗിയുടെ ശരീരത്തിൽ ശസ്ത്രം ഉപയോഗിച്ച് പ്രച്ഛാന്നം ചെയ്യേണ്ടത് ഏതു രീതിയിൽ ആയിരിക്കണം?

A:-വലത് നിന്ന് ഇടത്തോട്ട്

B:-ഇടത് നിന്ന് വലത്തോട്ട്

C:-താഴെ നിന്ന് മുകളിലേക്ക്

D:-മുകളിൽനിന്ന് താഴേക്ക്

Correct Answer:- Option-C

Question78:-താഴെ പറയുന്നവയിൽ ശരിയായ വാക്യം കണ്ടെത്തുക.

1. പ്രതിമർശനസ്യം അകാലവർഷത്തിൽ ചെയ്യാവുന്നതാണ്
2. കുളിച്ചതിനുശേഷം നസ്യം ചെയ്യരുത്
3. വെള്ളം കുടിച്ചതിനുശേഷം നസ്യം ചെയ്യാവുന്നതാണ്

A:-എല്ലാ വാക്യങ്ങളും ശരിയാണ്

B:-(1) ഉം (2) ഉം വാക്യങ്ങൾ ശരിയാണ്

C:-(2) ഉം (3) ഉം വാക്യങ്ങൾ ശരിയാണ്

D:-(2)-മത്തെ വാക്യം മാത്രം ശരിയാണ്

Correct Answer:- Option-B

Question79:-പിഴിച്ചിൽ മൂലമുണ്ടാകുന്ന ഉപദ്രവങ്ങൾക്കുള്ള ചികിത്സ എന്ത്?

A:-ഗണ്ഡൂഷം

B:-വസ്തി

C:-വിരേചനം

D:-ഇവ ഒന്നുമല്ല

Correct Answer:- Option-A

Question80:-ധാരയുടെ അവസാനത്തിൽ രോഗശമനത്തിനായി സേവിക്കാൻ വിധിക്കുന്നത് എന്ത്?

A:-ഘൃതം

B:-ദധി

C:-തക്രം

D:-ക്ഷീരം

Correct Answer:- Option-A

Question81:-തക്രധാര താഴെപ്പറയുന്ന ഏതെല്ലാം രോഗങ്ങളിൽ ഫലപ്രദമാണ്?

A:-മൂത്ര ദോഷം

B:-ഹൃദ്രോഗം

C:-അരുചി

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question82:-വിധിപ്രകാരം അല്ലാതെ പിഴിച്ചിൽ (സേകം) ചെയ്താൽ ഉണ്ടാകുന്ന ഉപദ്രവമല്ലാത്തത് തിരഞ്ഞെടുക്കുക.

A:-ജ്വരം

B:-രാജയക്ഷ

C:-രക്തപിത്തം

D:-ഛർദ്ദി

Correct Answer:- Option-B

Question83:-ധാരാപാത്തി നിർമ്മിക്കാൻ ഉപയോഗിക്കുന്ന വൃക്ഷങ്ങൾ തിരഞ്ഞെടുക്കുക

A:-ചെമ്പകം

B:-മുഞ്ഞ

C:-പുന്ന

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question84:-''സേകേ പയശ്ചാവികമേവ ശസ്തം'' ചിരിത്സാ  പ്രകരണമേത്?

A:-പക്ഷാഘാതം

B:-കുഷ്ഠം

C:-വാതരക്തം

D:-വിസർപ്പം

Correct Answer:- Option-C

Question85:-ബാഹ്യായാമ ചികിത്സയിൽ തളത്തിനായി ഉപയോഗിക്കുന്ന ദ്രവ്യമേത്?

A:-ആവണക്കെണ്ണ

B:-ചെന്നിനായകം

C:-കുറുന്തോട്ടി വേര്

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question86:-പിഴിച്ചിൽ ചെയ്യാൻ വിധിക്കുന്ന പരമാവധി സമയമെത്ര?

A:-5000 മാത്ര

B:-1000 മാത്ര

C:-3000 മാത്ര

D:-2000 മാത്ര

Correct Answer:- Option-D

Question87:-പാൽ പുക അഥവാ ക്ഷീരധൂമം  വിധിക്കുന്ന രോഗങ്ങൾ ഏതെല്ലാം?

A:-ആക്ഷേപകം

B:-രക്തപിത്തം

C:-വിഷൂചിക

D:-ഹൃദ്രോഗം

Correct Answer:- Option-A

Question88:-''കാരസ്കര കഷായണ  സ ക്ഷീരേണാപി സേചയേൽ'' ചികിത്സാ പ്രകരണമേത്?

A:-അർദ്ധിതം

B:-ആക്ഷേപകം

C:-വാത ശോണിതം

D:-കുഷ്ഠം

Correct Answer:- Option-C

Question89:-പിണ്ഡസ്വേദം എന്നത് താഴെ സൂചിപ്പിക്കുന്നവയിൽ ഏതിൻറെ വകഭേദം ആണ്?

A:-ഊഷ്മസ്വേദം

B:-താപസ്വേദം

C:-ഉപനാഹസ്വേദം

D:-ദ്രവസ്വേദം

Correct Answer:- Option-A

Question90:-ഏറ്റവും രൂക്ഷമായ സ്വേദം ഏതാണ്?

A:-ഞവരക്കിഴി

B:-മണൽക്കിഴി

C:-പത്രപോടലി

D:-മുട്ടക്കിഴി

Correct Answer:- Option-B

Question91:-പക്വാശയത്തിൽ ചെന്ന് കഫം കോപിക്കുമ്പോൾ ചെയ്യേണ്ട സ്വേദക്രമം താഴെ സൂചിപ്പിക്കുന്നവയിൽ ഏതാണ്?

A:-ആദ്യം രൂക്ഷസ്വേദം പിന്നീട് സ്നിഗ്ദ്ധസ്വേദം

B:-ആദ്യം സ്നിഗ്ദ്ധസ്വേദം പിന്നീട് രൂക്ഷസ്വേദം

C:-ആദ്യം ഞവരക്കിഴി പിന്നീട് ഞവരതേപ്പ്

D:-ഇതൊന്നും അല്ല

Correct Answer:- Option-B

Question92:-താഴെ പറയുന്നവയിൽ ധാന്യക്കിഴിയിൽ ഉപയോഗിക്കാൻ പാടില്ലാത്ത ഔഷധദ്രവ്യം ഏതാണ്?

A:-പഴയ മുതിര

B:-ഉലുവ

C:-കടുക്

D:-ചുത്തപ്പുളി

Correct Answer:- Option-D

Question93:-പച്ചക്കിഴി എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളീയ വിശേഷ ചികിത്സ ഏതാണ്?

A:-മുട്ടക്കിഴി

B:-നാരങ്ങാക്കിഴി

C:-പൊടിക്കിഴി

D:-ഇലക്കിഴി

Correct Answer:- Option-D

Question94:-താഴെ നൽകിയതിൽ ഏത് ഔഷധമാണ് ഞവരക്കിഴിയിൽ ഒഴിച്ചു കൂടാൻ പാടില്ലാത്തത്?

A:-ഗന്ധർവ്വഹസ്താദി കഷായം

B:-ദ്രാക്ഷാദി കഷായം

C:-കുറുന്തോട്ടിക്കഷായം

D:-വേപ്പെണ്ണ

Correct Answer:- Option-C

Question95:-ഏത് രോഗാവസ്ഥയിൽ ആണ് വാലുകാസ്വേദം അനുയോജ്യമായത് എന്ന് കണ്ടെത്തുക?

A:-ആമവാതം

B:-വാതകഫജ്വരം

C:-സന്നിപാതജ്വരം

D:-ഇതിലെല്ലാം

Correct Answer:- Option-D

Question96:-താഴെ സൂചിപ്പിക്കുന്നവയിൽ ബൃംഹണസ്വഭാവം ഏത് കിഴിയുടെ പ്രയോജനമാണ്?

A:-ഇലക്കിഴി

B:-മുട്ടക്കിഴി

C:-പൊടിക്കിഴി

D:-മുതിരക്കിഴി

Correct Answer:- Option-B

Question97:-കാൽമുട്ടിനെ ബാധിക്കുന്ന ക്ഷതങ്ങളിൽ അനുയോജ്യമായ പ്രാദേശിക ചികിത്സാക്രമം ഏതാണ്?

A:-കടീവസ്തി

B:-ജാനുവസ്തി

C:-ഉരോവസ്തി

D:-ഗ്രീവാവസ്തി

Correct Answer:- Option-B

Question98:-യോഗ ചികിത്സയുമായി നേരിട്ട് ബന്ധമില്ലാത്ത പദസൂചന കണ്ടെത്തുക

A:-പ്രത്യാഹാര

B:-സമാധി

C:-നിയമ

D:-പ്രാപ്തി

Correct Answer:- Option-D

Question99:-ആശയവിനിമയ ചാതുരിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന സാങ്കേതിക പദം താഴെ നൽകിയതിൽ ഏതാണ്?

A:-നിർമ്മിതബുദ്ധി

B:-വൈകാരികബുദ്ധി

C:-അസ്തിത്വബുദ്ധി

D:-ഗണിതബുദ്ധി

Correct Answer:- Option-B

Question100:-ഹൃദ്രോഗ ചികിത്സയിൽ സാധ്യതകൾ ഉള്ള ആയുർവേദ ബാഹ്യചികിത്സാക്രമം താഴെ സൂചിപ്പിക്കുന്നവയിൽ ഏതാണ്?

A:-വിരേചനം

B:-ക്ഷീരധൂമം

C:-ഉരോവസ്തി

D:-മർമ്മതിരുമ്മൽ

Correct Answer:- Option-C